LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ നല്ലളം താപവൈദ്യുത നിലയത്തിന്റെ ഉത്പാദന ശേഷി 96 മെഗാവാട്ട് ആണ്.

(ബി) ഈ സാമ്പത്തിക വർഷം (2017-18) ഇതുവരെ നിലയത്തിൽ നിന്നും വൈദ്യുതോല്പാദനം ഒന്നും നടന്നിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത നിലയത്തിൽ നിന്നും ഏകദേശം 38 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല.

**വൈദ്യുതോത്പാദന രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

158 (1922) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വൈദ്യുതി താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും എന്ന സർക്കാർ നയം പ്രാവർത്തികമാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) വൈദ്യുതോത്പാദന രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും അവയുടെ പുരോഗതിയും അറിയിക്കാമോ;

(സി) പ്രസരണ രംഗം ശാക്തീകരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി അപേക്ഷാഫോറം ലഘൂകരിക്കുക, 1000 സ്ക്വയർ ഫീറ്റിൽ കുറഞ്ഞ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് രേഖകളില്ലാതെ തന്നെ കണക്ഷൻ നൽകുക എന്നിങ്ങനെ നിരവധി നടപടികൾ സ്വീകരിച്ചു. വയറിംഗ് ചെയ്യാൻ കഴിയാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ ബോർഡ് തന്നെ ഏറ്റെടുത്ത് നിർവ്വഹിക്കുകയും കണക്ഷൻ നൽകുകയും ചെയ്തു. കേരളത്തിലെ എല്ലാ വീടുകളിലും

അംഗനവാടികളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചത്. വൈദ്യുതിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പ്രസരണ വിതരണ ശൃംഖലകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുന്നതിനും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികളും ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും എന്ന ലക്ഷ്യത്തോടെയാണ്.

(ബി) വൈദ്യുതോൽപ്പാദന രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവ ഉപയോഗപ്പെടുത്തി വൈദ്യുതോൽപ്പാദനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് 9.26 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 9.66 മെഗാവാട്ട് പദ്ധതികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 4.71 മെഗാവാട്ട് പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തിനായി 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോ വിൻഡ് നിലയം പൂവാർ കടൽത്തീരത്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കഞ്ചിക്കോട് നിലവിലുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5 മെഷീനുകൾ സ്ഥാപിക്കുന്നതിനും പുതുതായി ഒരു 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനും ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 45 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 20 പീക്കോ പദ്ധതികൾ (5 കിലോവാട്ടിന് താഴെയുള്ളവ) നടപ്പിലാക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂര സ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക് - സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ആകെ 1.4 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതികളുണ്ട്.

(സി) പ്രസരണ ശൃംഖല ശാക്തീകരിക്കുന്നതിനായി അഞ്ച് വർഷത്തിനുള്ളിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 114 സബ്സ്റ്റേഷനുകളുടെയും 2413 കി.മീറ്റർ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിന് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പേരിൽ ഒരു പ്രസരണ ശൃംഖല വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി 2017-21 കാലഘട്ടത്തിൽ സംസ്ഥാനത്തുടനീളം ഒരു പ്രസരണ ഇടനാഴിയും അഞ്ച് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇരുപത്തിനാല് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

**കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ നിയമനം**

159 (1923) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലേയ്ക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കി; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(ബി) പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly